Sahyanadham
Annual Subscription Rs. 200.00
Published on 1st Oct. 2017

Register No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.

# സഹ്യനാദം

വാല്യം 14
ഒക്ടോബർ 2017
ലക്കം 10



Printed at St. Martha's Offset Printers, Murickassery 685 604 Editor, Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602



ഇടുക്കി രൂപതാ ബുള്ളറ്റിൻ



സീറോ മലബാർ സഭയിലെ
നിയുക്ത മെത്രാന്മാർക്ക്
ഇടുക്കി രൂപതാക്കുടുംബത്തിന്റെ

# ആശംസകൾ



**St. Little Teresa of Child Jesus**
**Feast Day : October 1**

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 10
Month : October 2017





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ലോക മിഷൻദിന സന്ദേശം - 2017 | 05 |
| സർക്കുലർ – സി. റാണി മരിയ | 12 |
| രൂപതക്കച്ചേരി | 19 |
| ക്രിസ്തുജ്യോതി | 27 |
| വിദ്യാഭ്യാസം | 29 |
| സാമൂഹ്യസേവനം | 30 |
| ചെറുപുഷ്പ മിഷൻലീഗ് | 34 |
| കെ.സി.എസ്.എൽ. | 35 |
| ജീസസ് യൂത്ത് | 39 |
| കെ.സി.വൈ.എം. | 40 |
| കുടുംബപ്രേഷിതത്വം | 41 |
| പ്രൊ-ലൈഫ് അപ്പോസ്തലേറ്റ് | 41 |
| നവോമി കുടുംബകേന്ദ്രം | 42 |
| മാതൃവേദി | 43 |
| ആത്മജ്യോതിയിലെ പരിപാടികൾ | 43 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 44 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 44 |


***"Charity is more authentic and incisive when it is lived in communion."***

*Pope Francis, Tweet, 25 Sept. 2017*

## ഓർമ്മിക്കാൻ

### ഒക്ടോബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | ലിസ്യൂവിലെ വി. കൊച്ചുത്രേസ്യ |
| 01-06 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 02 | : | കാവൽമാലാഖ |
| | : | മാതൃവേദി മോഡറേറ്റേഴ്സ് മീറ്റിംഗ്, കരിമ്പൻ |
| | : | കെ.സി.എസ്.എൽ. രൂപതാ സാഹിത്യമത്സരം |
| 04 | : | വി. ഫ്രാൻസിസ് അസ്സീസി |
| 05 | : | കെ.സി.എസ്.എൽ. ലോക അദ്ധ്യാപകദിനം, തോപ്രാംകുടി |
| 06 | : | കെ.സി.എസ്.എൽ. ഫാത്തിമ വർഷാചരണം, കുമ്പൻപാറ |
| 08 | : | മൂശ ഒന്നാം ഞായർ |
| | : | സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ, ക്രിസ്തുജ്യോതി |
| 09-11 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 14 | : | ആവിലായിലെ വി. ത്രേസ്യ (15 ഞായർ) |
| | : | സി.എം.എൽ. രൂപതാ കലോത്സവം |
| | : | കെ.സി.എസ്.എൽ. സംസ്ഥാന സാഹിത്യമത്സരം |
| | : | കെ.സി.വൈ.എം. അർദ്ധവാർഷിക കൗൺസിൽ |
| | : | വിദ്യാഭ്യാസം അനദ്ധ്യാപക സെമിനാർ, വാഴത്തോപ്പ് |
| 14-15 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 16 | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 18 | : | വി. ലൂക്കാ സുവിശേഷകൻ |
| | : | സഹ്യജ്യോതി +2 ഫൊറോനാ സംഗമം, ക്രിസ്തുജ്യോതി |
| 19-22 | : | ദമ്പതീ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 21 | : | ജോർദ്ദാനിയ, സെന്റ് മേരീസ് ചർച്ച്, മുരിക്കാശ്ശേരി |
| 22 | : | മിഷൻ ഞായർ |
| 23-25 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 28 | : | വി. ശിമയോൻ, വി. യൂദാ തദ്ദേവൂസ് ശ്ലീഹന്മാർ |
| 27-29 | : | നവോമി ധ്യാനം, ആത്മജ്യോതി, അടിമാലി |
| | : | ഏലീശ്വാ ധ്യാനം, ആത്മജ്യോതി, അടിമാലി |

C. 21. **സർക്കുലർ**

# ലോക മിഷൻദിന സന്ദേശം-2017

***പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ***

**ഫ്രാൻസിസ് മാർപാപ്പ**

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടുന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അദ്ധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ്, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്. നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?



**വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിതപ്രവർത്തനവും**

1. സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരിവർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്വാർത്തയാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പിതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf യോഹ 1:14).

## പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയ ശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശുക്രിസ്തു തന്നെ സുവിശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ - രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷപ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ടമാക്കുന്നത് - മഴ ഭൂമിയെ എന്നപോലെ തന്നെ. “അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്” (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് “ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു” ബെനഡിക്റ്റ് 16-ാമൻ, *ദേവൂസ് കാരിത്താസ് എസ്ത്*, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.



മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമായിത്തീരുന്നു. അത് “അമർത്ത്യതയുടെ ഔഷധമാണ്” (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവപരമായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവുകൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തിക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തുവിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: “എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?” ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോ

ഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്ര വാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരു ടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

**പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു**

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവമാക്കപ്പെടുന്നു. "സുവിശേഷത്തിന്റെ പ്രകാശം ആവശ്യമാ യിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ" (*എവാഞ്ചെലീ നൂൻസ്യാന്തി*, 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷി തത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ച രിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനു ഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിര മായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്ര വാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭ വനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യ ത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥ കൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭ യുടെ പ്രേഷി തത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീത മായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കു ന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയട യുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരു വുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നു. സ്വന്തം



രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുത ലായി നാം ഇഷ്ടപ്പെടുന്നത് (അവിടെത്തന്നെ, 49).

**യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ**

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടന്ന് പ്രഘോഷിച്ച സദ്‌വാർത്തയും അനേകം യുവ ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരി ടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്ക ളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപ രിക്കുന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരി ക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കു ന്നു." (അവിടെത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസവും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിതമായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷി തത്വത്തിന് അവരുടെ ഭാവനാശക്തിയും സർഗാത്മകതയും ആവ ശ്യമാണ്.

**പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം**

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാ നുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തു വാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധ മായ ആധ്യാത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാ

ന്മാരും സന്ന്യാസിനീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണ സംഘം നിർദേശിക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തസമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്ന വിധം പ്രവർത്തിക്കാൻ തന്നെ.

**സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം**

10. പ്രിയ സഹാദരീസഹാദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാസത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ് വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് "ഞാൻ സമ്മതിക്കുന്നു" എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്‌വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കൂസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025



C. 22. **സർക്കുലർ**

# ധന്യയായ സി. റാണി മരിയ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (വി. ലൂക്കാ 4,18-19). 2017 നവംബർ 4-ാം തീയതി വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തപ്പെടുന്ന ധന്യയായ സി. റാണി മരിയയുടെ നാല്പത്തൊന്നു വർഷത്തെ ജീവിതവും പ്രവർത്തനങ്ങളും ഈ തിരുവചനത്തിൽ ആഴപ്പെട്ടതാണ്. യേശുനാഥന്റെ സ്നേഹപൂർവകമായ വിളിക്ക് ഔദാര്യത്തോടെ പ്രത്യുത്തരം നല്കിക്കൊണ്ട് സന്ന്യാസ ദൈവവിളിയിൽ വിശ്വസ്തതപുലർത്തുന്നതിനുള്ള ഒരു മഹനീയ മാതൃകയായി ഫ്രാൻസിസ്കൻ ക്ലാരസഭാംഗമായ സി. റാണി മരിയ നിലകൊള്ളുന്നു.

എറണാകുളം അങ്കമാലി അതിരൂപതയിൽ പുല്ലുവഴി ഇടവകയിലെ വട്ടാലിൽ കുടുംബത്തിൽ പൈലി-ഏലീശ്വ ദമ്പതികളുടെ ദ്വിതീയ സന്താനമായി 1954 ജനുവരി 29-ന് സി. റാണി മരിയ ജനിച്ചു. ഫെബ്രുവരി 5-ാം തീയതി പുല്ലുവഴി സെന്റ് തോമസ് പള്ളിയിൽ മാമ്മോദീസാ സ്വീകരിക്കുകയും മറിയം എന്ന പേര് ലഭിക്കുകയും ചെയ്തു. മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവവിശ്വാസത്തിലും സ്നേഹത്തിലും വളർത്തികൊണ്ടുവന്നു. അവർ സ്റ്റീഫൻ,

ആനീസ്, വർഗീസ്, ത്രേസ്യാമ്മ, സി. സെൽമി പോൾ, ലൂസി എന്നിവരാണ്. മറിയം എന്ന മേരിക്കുഞ്ഞ് 1961-ൽ, 7-ാമത്തെ വയസ്സിൽ പ്രഥമ ദിവ്യകാരുണ്യവും 1966-ൽ സ്ഥൈര്യലേപനവും സ്വീകരിച്ചു.

മേരിക്കുഞ്ഞ് സൽസ്വഭാവിയായ ഒരു ബാലികയായിരുന്നുവെന്നും അവൾ ലളിതമായ വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നതെന്നും ആഭരണങ്ങൾ അണിയുന്നതിൽ താല്പര്യം ഉണ്ടായിരുന്നില്ല എന്നും സഹോദരൻ സ്റ്റീഫൻ പറയുന്നു. അവളുടെ വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ ആരെയും ഉപദ്രവിച്ചിരുന്നില്ല. എന്തെങ്കിലും തെറ്റുപറ്റിയാൽ അവൾ അതിന് ക്ഷമ ചോദിച്ചിരുന്നു. മാതാപിതാക്കൾ അവളിൽ അഭിമാനം കൊണ്ടിരുന്നു. മറ്റു കുഞ്ഞുങ്ങളിൽനിന്ന് വ്യത്യസ്തമായി അവൾക്കു നല്ല അനുസരണമുണ്ടായിരുന്നുവെന്ന് മകളെക്കുറിച്ച് അമ്മ ഏലീശ്വ പറയുന്നു.

1972 ജൂലൈ 3-ാം തീയതി ഫ്രാൻസിസ്കൻ ക്ലാരസഭയുടെ എറണാകുളം തിരുഹൃദയ പ്രോവിൻസിൽ ചേരുന്നതിനായി മേരിക്കുഞ്ഞും ബന്ധു സിസിലിയും കിടങ്ങൂർ മഠത്തിൽ എത്തിച്ചേർന്നു. പരിശീലനത്തിനുശേഷം 1974 മെയ് 1-ന് ആദ്യവ്രതവാഗ്ദാനം നടത്തി. 1975-ൽ മിഷൻ പ്രവർത്തനത്തിനായി ബിജ്നോർ രൂപതയിലേക്കയയ്ക്കപ്പെട്ടു. തീക്ഷ്ണതയോടുകൂടി, യേശുവിനെ അറിയാത്ത ജനങ്ങൾക്കിടയിൽ അവിടുത്തേക്ക് സാക്ഷ്യംവഹിച്ചുകൊണ്ട് ജീവിച്ചു. 1980 മെയ് 22-ന് നിത്യവ്രതവാഗ്ദാനം നടത്തി. 1982-ൽ സാമൂഹ്യശാസ്ത്രത്തിൽ ബിരുദവും നേടി.

1983-ൽ സത്നാ രൂപതയിലെ ഓട്ഗഡിയിലേക്ക് സ്ഥലംമാറ്റപ്പെട്ടു. അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികവുംഭൗതികവുമായ ഉന്നമനത്തിനായി പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ആത്യന്തികമായി ദൈവത്തിന്റെ സ്നേഹത്തിലേക്ക് ഏവരെയും ആനയിക്കുക എന്നതായിരുന്നു സിസ്റ്ററിന്റെ ലക്ഷ്യം. പ്രവർത്തനത്തിനിടയിൽ പലവിധ വെല്ലുവിളികളും എതിർപ്പുകളും നേരിടേണ്ടിവന്നു. അവിടെയെല്ലാം നഷ്ടധൈര്യയാകാതെ മുന്നേറുവാൻ ദിവ്യകാരുണ്യസന്നിധിയിൽനിന്ന് ശക്തി ആർജിച്ചിരുന്നു. "കർത്താവിനുവേണ്ടിയും അവിടുത്തെ മക്കൾക്കുവേണ്ടിയും നന്മചെയ്യുമ്പോൾ നാം നിശിതമായി വിമർശിക്കപ്പെടാം, എതിർപ്പുകൾ ഉണ്ടാവാം, മരണം തന്നെയും സംഭവിക്കാം; എന്നാൽ നാം ധൈര്യമായി മുന്നോട്ടുപോകണം" എന്ന് സിസ്റ്റർ പറഞ്ഞിരുന്നു. കർത്താവിനെക്കുറിച്ച് ഒരു വാക്കെങ്കിലും ആരോടെങ്കിലും പറയാതെ ഒരു ദിവസംപോലും കടത്തിവിടരുത് എന്നതു സിസ്റ്ററിനു നിർബന്ധമായിരുന്നു. റാണി മരിയയുടെ നോവിസ് മിസ്ട്രസ്സ് സി. ഇൻഫെന്റ് മേരി പറയുന്നു,' 'ആദ്ധ്യാത്മികതയിൽ കടഞ്ഞെടുത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സി. റാണി മരിയ."

1992 മുതൽ ഇൻഡോർ രൂപതയിലെ ഉദയനഗർ ആയിരുന്നു റാണി മരിയയുടെ പ്രേഷിതരംഗം. സിസ്റ്ററിന്റെ ആഗമനം ഉദയനഗറിലെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഒരു പുതുജീവൻ പ്രദാനം ചെയ്തു. വീരോചിതമായ ഉപവിപ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാൻ പല പദ്ധതികൾക്കും സിസ്റ്റർ രൂപംകൊടുത്തു. സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ എന്നിവയിലൂടെ പലിശയില്ലാതെ പണം കടമെടുക്കുവാൻ അവരെ പ്രാപ്തരാക്കി. സാമൂഹികോന്നമനത്തിനായുള്ള സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ ആളുകളെ ആകർഷിച്ചു. അതു ചിലരെ ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നതിനും പ്രാപ്തരാക്കി. ജന്മിമാർക്കും പണം കടംകൊടുക്കൽ തൊഴിലാക്കിയിരുന്നവർക്കും വരുമാനം കുറയാൻ ഇതു കാരണമായി. അത് സിസ്റ്ററിനോട് അവർക്കു വെറുപ്പിനു കാരണമായിത്തീർന്നു. "സമർപ്പിതരായ നാംഭയപ്പെട്ടിരുന്നാൽ ആരാണ് ഈ പാവങ്ങളുടെ കാര്യം നോക്കുക. അവരും നമ്മുടെ സഹോദരങ്ങളല്ലേ" എന്നു പറഞ്ഞ് സിസ്റ്റർ സമൂഹത്തിലെ സഹോദരിമാർക്ക് ഉന്മേഷം പകർന്നിരുന്നു. പാവങ്ങൾക്കുവേണ്ടി ജോലി ചെയ്യുവാനാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഉറച്ച ബോധ്യം സി. റാണി മരിയയ്ക്കുണ്ടായിരുന്നു.

1994 ഡിസംബർമാസത്തിൽ സെമിലിഗ്രാമത്തിൽ ഉണ്ടായ ഒരു വഴക്ക് സമാധാനത്തിൽ തീർക്കാൻ സി. റാണി മരിയ പരിശ്രമിച്ചു. പക്ഷേ സിസ്റ്ററിന്റെ പരിശ്രമങ്ങളെല്ലാം വിഫലമായി. അത് പോലീസ് കേസായി മാറി. നിരപരാധികളായ പല കത്തോലിക്ക

രെയും ജയിലിൽ അടച്ചു. അവരെ ജയിലിൽ നിന്ന് മോചിപ്പിക്കുവാൻ സി. റാണി നടത്തിയ പരിശ്രമങ്ങൾ എതിരാളികളുടെ വൈരാഗ്യം വർദ്ധിക്കാൻ കാരണമായി. അത് സി. റാണി മരിയയുടെ കഥകഴിക്കണമെന്നുള്ള ഒരു തീരുമാനത്തിലേക്ക് അവരെ നയിച്ചു.

1995 ഫെബ്രുവരി 25-ന് സി. റാണി മരിയ ഉദയനഗറിൽനിന്ന് ഇൻഡോറിലേക്കുള്ള ബസ് യാത്രയ്ക്ക് ഇടയിൽ നച്ചൻബോർ മലയിൽ സഹയാത്രികർക്കുമുമ്പിൽ സമുന്ദർ സിംഗ് എന്ന വാടക കൊലയാളിയുടെ 54 കുത്തുകളേറ്റ് യേശു, യേശു എന്ന നാമം വിളിച്ചുകൊണ്ട് മരണമടഞ്ഞു. വിവരം അറിഞ്ഞയുടൻ ഇൻഡോർ ബിഷപ്പ് ജോർജ്ജ് ആനാത്തിലും ഏതാനും വൈദികരുംകൂടി സ്ഥലത്ത് എത്തി മൃതശരീരം പോലീസ് സ്റ്റേഷനിൽ എത്തിച്ചു. അനന്തര നടപടികൾക്കുശേഷം മൃതശരീരം ഇൻഡോർ ബിഷപ്പ് ഹൗസിൽ പൊതുദർശനത്തിനായി വച്ചു. ഫെബ്രുവരി 27-ന് 7 ബിഷപ്പുമാരും നൂറു കണക്കിന് വൈദികരും ആയിരക്കണക്കിന് ആളുകളും പങ്കെടുത്ത മൃതസംസ്കാര പ്രദക്ഷിണം 102 കിലോമീറ്റർ അകലെയുള്ള ഉദയനഗറിലേക്ക് 125 വാഹനങ്ങളിലായി നീങ്ങി. ഉദയനഗർ പള്ളിയുടെ സമീപത്ത് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സി. റാണി മരിയയെ അടക്കംചെയ്തു.

ദിവ്യമണവാളനോടുള്ള വ്യക്തിപരമായ സ്നേഹമാണ് അവളുടെ പ്രേഷിതപ്രവർത്തനങ്ങളുടെ അന്തഃസത്തയായിരുന്നത്. ആ സ്നേഹത്താൽ പ്രേരിതയായി, അനുനിമിഷം തന്റെ ദിവ്യമണവാളനുമായി അനുരൂപപ്പെടുവാൻ അവസാനതുള്ളി രക്തവും ചിന്തി സി. റാണി മരിയ ജീവൻ അർപ്പിച്ചു. "സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15,13) എന്ന തിരുവചനം സിസ്റ്ററിന്റെ കല്ലറയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധർക്കുവേണ്ടിയുള്ള തിരുസംഘത്തിലെ 9 പേരടങ്ങുന്ന ദൈവശാസ്ത്ര കമ്മീഷൻ ഐകകണ്ഠേന സി. റാണി മരിയയുടെ രക്തസാക്ഷിത്വം അംഗീകരിച്ചു. അവർ ഇപ്രകാരം പ്രസ്താവിച്ചു. "വിശ്വാസത്തോടുള്ള വെറുപ്പ് പ്രഘോഷിക്കപ്പെടുന്ന സദ്വാർത്തയോടുള്ള വെറുപ്പിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. പിന്നെയോ അജപാ



ലനപ്രവർത്തനത്തിലൂടെ ദൈവവചനത്തെ സമൂർത്തമാക്കുന്നവരിലേക്കും വ്യാപിക്കുന്നു."

സി. റാണി മരിയ കൊല്ലപ്പെട്ടത് രാഷ്ട്രീയമോ സാമ്പത്തികമോ സാമുദായികമോ ആയ കാര്യങ്ങൾക്കുവേണ്ടിയല്ല. പ്രത്യുത, അവളുടെ ആഴമായ ക്രൈസ്തവ വിശ്വാസത്തിൽനിന്ന് ഉതിർന്ന സ്നേഹം, സത്യം, നീതി എന്നീ ദൈവരാജ്യ മൂല്യങ്ങൾക്കുവേണ്ടിയാണ്. സി. റാണി മരിയയുടെ രക്തസാക്ഷിത്വത്തിന്റെ പിന്നിൽ വിവിധകാരണങ്ങൾ കാണാം - കൊല്ലുവാൻ പ്രേരിപ്പിച്ച ആളിന്റെ വ്യക്തിവൈരാഗ്യം, പാവങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന കാരുണ്യപ്രവൃത്തികൾ, പാവപ്പെട്ട ആളുകളെ ക്രൈസ്തവ മതത്തിലേക്ക് മാനസാന്തരപ്പെടുത്തുന്നു എന്ന സംശയം എന്നിങ്ങനെ.

കേരള സഭയുടെ അഭിമാനപുത്രിയും ധീരരക്തസാക്ഷിയുമായ സി. റാണി മരിയയുടെ ജീവിതമാതൃകയും മാധ്യസ്ഥ്യശക്തിയും നമുക്ക് പ്രചോദനവും ശക്തിയുമാകട്ടെ. കേരളസഭാതനയരിൽ ഒരാൾകൂടി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നു എന്നത് നമുക്കേവർക്കും അഭിമാനാർഹമാണ്. വിശുദ്ധരുടെ ജീവിതവും മാധ്യസ്ഥ്യശക്തിയുമാണ് സഭയെ ബലപ്പെടുത്തുകയും കൂട്ടായ്മയിൽ ഉറപ്പിക്കുകയും ചെയ്യുന്നത്. സി. റാണി മരിയ വട്ടാലിൽ എഫ്.സി.സി., തന്റെ ജീവിതത്തിന്റെ അവസാനവർഷങ്ങൾ ചെലവഴിക്കുകയും 25 ഫെബ്രുവരി 1995-ന് രക്തസാക്ഷിമകുടം ചൂടുകയും ചെയ്ത ഇൻഡോറിൽ വച്ച് 2017 നവംബർ 4 ന് രാവിലെ 10 മണിക്ക് വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി നാമകരണം ചെയ്യപ്പെടും. പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധിയും കർദിനാളുമായ ആഞ്ചലോ അമാത്തോ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടക്കുന്ന വിശുദ്ധ കുർബാനമധ്യേയാണ് ദൈവദാസി സിസ്റ്റർ റാണി മരിയ വാഴ്ത്തപ്പെട്ടവളായി നാമകരണം ചെയ്യപ്പെടുന്നത്. തുടർന്ന്, 2017 നവംബർ 5-ന് സി. റാണി മരിയയുടെ സാമൂഹ്യ ശുശ്രൂഷകളുടെ അവസാന വേദിയായിരുന്ന ഉദയനഗറിൽ കൃതജ്ഞതാബലിയർപ്പണം നടക്കും.

2017 നവംബർ 11 ഉച്ചകഴിഞ്ഞ് 2.45-ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ സമൂഹബലിയും തിരുശേഷിപ്പ് പ്രതിഷ്ഠയും നടക്കും. വിശുദ്ധ കുർബാന മധ്യേ, കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം വചനപ്രഘോഷണം നടത്തും. തുടർന്നു നടക്കുന്ന സമ്മേളനത്തിൽ സിബിസിഐ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അനുഗ്രഹപ്രഭാഷണം നടത്തും. നാഗ്പൂർ അതിരൂപതയുടെ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ എബ്രഹാം വിരുതുകുളങ്ങര, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മദർ ജനറൽ സി. ആൻ ജോസഫ്, സി. സെൽമി പോൾ തുടങ്ങിയവർ അനുസ്മരണപ്രഭാഷണം നടത്തും. കേരളസഭയിലെ എല്ലാ വിശ്വാസികളും നേരിട്ടോ ആത്മീയമായോ ഈ കർമങ്ങളിൽ പങ്കെടുത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

"വിശ്വാസം മൂലം രക്തസാക്ഷികൾ തങ്ങളുടെ ജീവിതം സമർപ്പിച്ചു. സുവിശേഷത്തിന്റെ സത്യത്തിന് സാക്ഷ്യംവഹിച്ചുകൊണ്ട് അങ്ങനെ ചെയ്തു. ആ സത്യം അവരെ രൂപാന്തരപ്പെടുത്തി. സ്നേഹത്തിന്റെ ഏറ്റം വലിയ ദാനം നേടാൻ അത് അവരെ ശക്തരാക്കി. തങ്ങളെ പീഡിപ്പിച്ചവരോട് ക്ഷമിക്കാനുള്ള കഴിവാണ് ആ ദാനം" (വിശ്വാസത്തിന്റെ വാതിൽ, നമ്പർ 13). സിസ്റ്റർ റാണി മരിയയക്ക് ലഭിച്ച ഈ ദാനം തുടർന്ന്, സിസ്റ്ററിന്റെ കുടുംബാംഗങ്ങൾക്കും സഭാംഗങ്ങൾക്കും പകർന്നു ലഭിച്ചതായി കാണാം. ഭാരതത്തിൽ മാത്രമല്ല, വിദേശങ്ങളിൽപ്പോലും ഈ ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാതൃക സ്വാധീനം ചെലുത്തി. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35) എന്ന ദിവ്യനാഥന്റെ ആഹ്വാനം ജീവിതത്തിൽ പ്രാവർത്തികമാക്കി നമുക്കു മാതൃകയും പ്രചോദനവുമായി നിലകൊള്ളുന്ന ഈ കാലഘട്ടത്തിന്റെ പ്രവാചിക സി. റാണി മരിയായെ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കുയർത്തുന്നതിന് നല്ല ദൈവത്തിനു നമുക്കു നന്ദി പറയാം. "നമുക്കും അവനോടുകൂടി പോയി മരിക്കാം" എന്ന ഭാരത അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ വാക്കുകൾ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് രക്തസാക്ഷിമകുടം ചൂടിയ വാഴ്ത്തപ്പെട്ട രക്തസാക്ഷി റാണി മരിയ നമുക്ക് അഭിമാനവും അനുഗ്രഹവുമായി ഭവിക്കട്ടെ.



സഹോദരരിൽ, വിശിഷ്യാ ദരിദ്രരിലും നിരാലംബരിലും യേശുവിനെ ദർശിച്ച് ശുശ്രൂഷ ചെയ്യുന്ന എല്ലാ പ്രേഷിതരെയും ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. പ്രേഷിത തീക്ഷ്ണതയോടെയും സമർപ്പണ മനോഭാവത്തോടെയും സുവിശേഷ പ്രഘോഷണം നടത്തുന്ന അനേകം പ്രേഷിതർ സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകുന്നതിന് ഇടയാകട്ടെ. ദൈവദാസി സി. റാണി മരിയയുടെ ഘാതകനോട് നിരുപാധികം ക്ഷമിച്ച് മാതൃക കാട്ടിയ വട്ടാലിൽ കുടുംബാംഗങ്ങളെപ്പോലെ മാതൃകാപരമായ കുടുംബജീവിതത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ശക്തിപകരാൻ എല്ലാ കുടുംബങ്ങൾക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B: 2017 ഒക്ടോബർ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# രൂപതക്കച്ചേരി

## C. 54/17 Appointments of Rev. Fathers

| | |
|---|---|
| Ambalathinkal Francis | : Studies |
| Arakatt Kuriakose | : Vicar-in-Charge, Chembalam<br>Asst. Director, Karuna Hospital |
| Edattel Sebastian | : Spiritual Director, Mar Ephram's Minor Seminary |
| Karackattu Kuriakose | : Director, DFC Idukki |
| Kuzhiyamplavil Joseph Thomas | : Musical Training, Eranakulam |
| Makkiyil James | : Vicar, Machiplavu |
| Njavarakatt Mathew | : Vicar-in-Charge, Karimpan |
| Palackamattam James | : Vicar-in-Charge, Kuthirakallu |
| Parakadavil Joseph | : Director, KCYM |
| Ponnambel Mathew | : Director, Mass Media |

*Bishop*

## C. 55/17 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർക്കായി 2017 നവംബർ 28, 10.30 am മുതൽ നവംബർ 30, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2010 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

## C. 56/17 മിഷൻ ഞായർ

ഒക്ടോബർ 22-ാം തീയതി സഭ ആഗോള തലത്തിൽ മിഷൻ ഞായർ ആഘോഷിക്കുന്നു. മിഷൻ ഞായർ സമുചിതമായി ആചരി



ച്ചുകൊണ്ട് നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സഹകരിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ചുള്ള മിഷൻ പിരിവ് എല്ലാ ഇടവകകളിലും നടത്തേണ്ടതും ആ പിരിവിലൂടെ ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതുമാണ്.

*Bishop*

## C. 57/17 Training Programme for Extra-Ordinary Ministers of Holy Communion

വിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകരായി നിയമിക്കപ്പെടുവാൻ താത്പര്യമുള്ള, നിത്യവ്രത വാഗ്ദാനം കഴിഞ്ഞ, ബഹു. സിസ്റ്റേഴ്സിനായി ഒരു പരിശീലന പരിപാടി അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് 2017 നവംബർ 18, 19 തീയതികളിൽ നടത്തുന്നു. പ്രസ്തുത പരശീലനപരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ പേരുവിവരം ഒക്ടോബർ 31 നു മുമ്പായി രൂപതക്കച്ചേരിയിൽ അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

*Bishop*

## C. 58/17 Monthly Recollection for Priests

ഒക്ടോബർ മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 128 മുതൽ 134 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 59/17 തിരുപ്പട്ടസ്വീകരണം 2017-18

ഇടുക്കി രൂപതയിൽനിന്നും 2017-18 വർഷത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ബഹു. ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും വികാരിയച്ചൻമാരുടെയും ഒരു സമ്മേളനം ഒക്ടോബർമാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.30 മുതൽ കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തപ്പെടുന്നു. തിരുപ്പട്ട സ്വീകരണ

ത്തെയും അതിന്റെ ക്രമീകരണങ്ങളെയും സംബന്ധിച്ച പ്രധാനപ്പെട്ട പൊതുനിർദ്ദേശങ്ങൾ നൽകുന്ന ഈ സംഗമത്തിലേക്ക് സന്യാസ സഭകൾക്കായി പട്ടം സ്വീകരിക്കാനൊരുങ്ങുന്നവരുൾപ്പെടെ എല്ലാ ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും സാന്നിദ്ധ്യം ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തുമല്ലൊ.

*Proto Syncellus*

## C. 60/17 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം | ഒക്ടോബർ 04 |
| റവ. ഫാ. ഫ്രാൻസീസ് കോലോത്ത് | ,, |
| റവ. ഫാ. ഫ്രാൻസീസ് ചുനയന്മാക്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് കുഴിപ്പിള്ളിൽ | ,, |
| റവ. ഫാ. അബ്രാഹം പുറയാറ്റ് | ഒക്ടോബർ 09 |
| റവ. ഫാ. അബ്രാഹം ഇരട്ടച്ചിറയിൽ | ,, |
| റവ. ഫാ. ലൂക്ക് ആനിക്കുഴിക്കാട്ടിൽ | ഒക്ടോബർ 18 |
| റവ. ഫാ. ലൂക്ക് തച്ചാപറമ്പത്ത് | ,, |

*Bishop*

## C. 61/17 "ഈശോയ്ക്ക് ഒരു വീട്"

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും മിഷൻ ലീഗും സംയുക്തമായി നടത്തിയ ''ഈശോയ്ക്ക് ഒരു വീട്'' എന്ന ഭവന നിർമ്മാണ പദ്ധതിയിൽ വിവിധ ഇടവകകളിൽ നിന്നും ടിൻ വഴി സമാഹരിച്ച തുക.

| *S.No* | *Name* | *Fund Received* |
|---|---|---|
| 1 | ADIMALI | 45500 |
| 2 | ALPHONSANAGAR | 0 |
| 3 | ANACHAL | 0 |
| 4 | ANAKULAM | 0 |
| 5 | AYIRAMEKKAR | 5000 |
| 6 | BETHEL | 0 |
| 7 | BHOOMIYANKULAM | 0 |
| 8 | BISONVALLEY | 50701 |
| 9 | CALVARYMOUNT | 10000 |
| 10 | CHELLIAMPARA | 30000 |
| 11 | CHEMBALAM | 0 |
| 12 | CHEMMANNAR | 50000 |
| 13 | CHEMPAKAPARA | 0 |
| 14 | CHINNARNIRAPU | 6000 |
| 15 | CHURULI | 40000 |
| 16 | EATTITHOPE | 60000 |
| 17 | ELLAKKAL | 0 |
| 18 | ERATTAYAR | 0 |
| 19 | EZHUKUMVAYAL | 129130 |
| 20 | GEORGIAR | 0 |
| 21 | IDUKKI | 9433 |
| 22 | IRUPUPALAM | 0 |
| 23 | JOSEGIRI | 0 |
| 24 | JOSEPURAM | 36500 |
| 25 | KAILLASAM | 7000 |
| 26 | KALLAR | 19200 |
| 27 | KALLARKUTTY | 0 |
| 28 | KALLUPALAM | 0 |
| 29 | KANAKAKUNNU | 50610 |
| 30 | KANCHIYAR | 0 |
| 31 | KAMAKSHY | 0 |
| 32 | KANJIKUZHY | 0 |
| 33 | KANTHIPARA | 21000 |
| 34 | KARIMPAN | 50000 |
| 35 | KARITHODU | 0 |
| 36 | KATTAKALA | 0 |
| 37 | KEERITHODU | 0 |
| 38 | KILIYARKANDAM | 17506 |

| | | |
|---|---|---|
| 39 | KOMBYAR | 0 |
| 40 | KOOMPANPARA | 25000 |
| 41 | KORADIKAD | 0 |
| 42 | KOZHIMALA | 0 |
| 43 | KUNCHITHANY | 0 |
| 44 | KURISHUPARA | 18625 |
| 45 | KUTHUPARA | 0 |
| 46 | MANCHIPLAVU | 0 |
| 47 | MAILADUMPARA | 0 |
| 48 | MANIYARANKUDY | 0 |
| 49 | MANJAPARA | 0 |
| 50 | MANJAPETTY | 0 |
| 51 | MANKULAM | 0 |
| 52 | MANKUVA | 27075 |
| 53 | MARIYAPURAM | 44500 |
| 54 | MARYLAND | 1250 |
| 55 | MAVADY | 20270 |
| 56 | MUKKUDAM | 26295 |
| 57 | MULAKARAMEDU | 0 |
| 58 | MULAKUVALLY | 40000 |
| 59 | MUNNAR | 0 |
| 60 | MURICKASSERY | 9500 |
| 61 | MURICKANTHOTTY | 73290 |
| 62 | MUTUKAD | 38170 |
| 63 | NANKUTHOTTY | 0 |
| 64 | NARAKAKANAM | 114206 |
| 65 | NAZARATHUVALLEY | 0 |
| 66 | NEDUMKANDAM | 0 |
| 67 | NEELIVAYAL | 5000 |
| 68 | NELLIPPARA | 48890 |
| 69 | PACHADY | 0 |
| 70 | PALAR | 20000 |



| | | |
|---|---|---|
| 71 | PANAMKUTTY | 0 |
| 72 | PANDIPARA | 0 |
| 73 | PANICKANKUDY | 66000 |
| 74 | PANNIARKUTTY | 16700 |
| 75 | PARATHODU | 119190 |
| 76 | PAZHYARIKANDOM | 0 |
| 77 | PERINCHAMKUTTY | 0 |
| 78 | PEZHUMKANDAM | 0 |
| 79 | PONMUDY | 0 |
| 80 | PONAMALA | 11693 |
| 81 | POTTENKADU | 33535 |
| 82 | RAJAKADU | 0 |
| 83 | RAJAKUMARI | 188000 |
| 84 | RAJAMUDY | 29000 |
| 85 | RAJAPURAM | 0 |
| 86 | SAHYAGIRI | 0 |
| 87 | SANTHIGRAM | 0 |
| 88 | SLEEVAMALA | 0 |
| 89 | SNEHAGIRI | 40095 |
| 90 | THANKAMANY | 100000 |
| 91 | THANIKANDOM | 20200 |
| 92 | THATTEKANNI | 0 |
| 93 | THOKUPARA | 0 |
| 94 | THOOKUPALAM | 0 |
| 95 | THOPRANKUDY | 0 |
| 96 | THOVARAYAR | 28558 |
| 97 | UDAYAGIRI | 0 |
| 98 | UPPUTHODU | 0 |
| 99 | VATTAPPARA | 2500 |
| 100 | VAZHATHOPE | 41270 |
| 101 | VAZHAVARA | 35000 |
| 102 | VELLATHOVAL | 7000 |

| | | |
|---|---|---|
| 103 | VELLYAMKUDY | 0 |
| 104 | VENMONEY | 103844 |
| 105 | VIMALAGIRI | 80000 |
| | **MISSION STATIONS** | |
| 106 | ALPARA | 44493 |
| 107 | ALPHONSAGIRI | 0 |
| 108 | ALPHONSANAGAR | 0 |
| 109 | ALPHONSAPURAM | 0 |
| 110 | AMALGIRI | 0 |
| 111 | AMPALAPURAM | 0 |
| 112 | ANAKUZHY | 0 |
| 113 | ANTOPURAM | 13644 |
| 114 | CHITIRAPURAM | 0 |
| 115 | DEVAMMEDU | 0 |
| 116 | EDAMATTAM | 0 |
| 117 | INCHATHOTTY | 0 |
| 118 | KANTHALLOR | 0 |
| 119 | KARIKUMTHOLAM | 6000 |
| 120 | KARIMALA | 0 |
| 121 | KONGINIPADAVU | 0 |
| 122 | KOOMBANMALA | 12030 |
| 123 | KUTHIRAKALLU | 16000 |
| 124 | KUZHIKANAM | 0 |
| 125 | LOWERKULAMAVU | 10000 |
| 126 | MAKKUVALLY | 0 |
| 127 | MANCHIKAVALA | 0 |
| 128 | MANAKADAVU | 0 |
| 129 | MARIANAGAR | 0 |
| 130 | MELECHAMMANAR | 0 |
| 131 | MULLAKANAM | 0 |
| 132 | NETTIGUDY | 0 |
| 133 | NETTIMEDU | 0 |
| 134 | PANDAVAPURAM | 0 |



| | | |
|---|---|---|
| 135 | PAINAVU | 0 |
| 136 | PALLANAD | 0 |
| 137 | PALLIKUNNU | 0 |
| 138 | PERIYAKANAL | 0 |
| 139 | PETHOTTY | 0 |
| 140 | PONNEDATHAN | 0 |
| 141 | POTHUPARA | 7500 |
| 142 | POOMAMAMKANDAM | 0 |
| 143 | PUNNAYAR | 0 |
| 144 | PUSHPAKANDAM | 0 |
| 145 | RAJAKUMARY NORTH | 0 |
| 146 | RAJAMALA | 0 |
| 147 | RAJAPPARA | 0 |
| 148 | SNEGULAM | 0 |
| 149 | THERESSA NAGAR | 0 |
| 150 | THINKALLKAD | 0 |
| 151 | VALARA | 0 |
| 152 | VATHIKUDY | 1000 |
| 153 | VATTAYAR | 0 |
| 154 | VATTAVADAMISSION | 0 |
| 155 | VELAMKANNY NAGAR | 0 |
| 156 | VIRIPARA | 0 |
| | OTHER CONTRIBUTIONS | 5703 |
| | **Total** | **2188606** |

ഈ തുക നേരത്തെ അപേക്ഷ നൽകിയിരുന്നദളിത് കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട 20 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി നല്കും. ഇതിൽ 10 എണ്ണത്തിന് കെ.സി.ബി.സി എസ്.സി./ എസ്.ടി. കമ്മീഷൻ സഹായം നല്കും. കൂടാതെ വേറെ 10 വീടുകൾക്ക് റിപ്പയർ ചെയ്യുന്നതിനും സഹായം നല്കും. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയായിരിക്കും നിർമ്മാണം നടക്കുക. സഹകരിച്ചവർക്കെല്ലാം നന്ദി പറയുന്നു.

# ക്രിസ്തുജ്യോതി

**CJ. 66/17 ഒന്നാം ടേം പരീക്ഷ**

ഒന്നാം ടേം പരീക്ഷ ഒക്ടോബർ 8-ാം തീയതിയാണ് നടക്കുന്നത്. ചോദ്യപേപ്പറുകൾ ഒക്ടോബർ 7 ന് അതാതു വിതരണ കേന്ദ്രങ്ങളിൽനിന്നും കൈപ്പറ്റാവുന്നതാണ്. വിതരണ കേന്ദ്രങ്ങൾ ചുരുളി, അടിമാലി ആത്മജ്യോതി, രാജക്കാട്, കുഞ്ചിത്തണ്ണി, ചെമ്മണ്ണാർ, നെടുംകണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി, ബിഷപ്സ് ഹൗസ്, മുരിക്കാശ്ശേരി (രാജപുരം, മങ്കുവ, രാജമുടി, പെരിഞ്ചാംകുട്ടി, ജോസ്പുരം, വാത്തിക്കുടി, തോപ്രാംകുടി, ഉദയഗിരി, കനകക്കുന്ന്, സ്നേഹഗിരി). പരീക്ഷക്കു വരുന്ന കുട്ടികൾ ഉത്തരപേപ്പറുകൾ കൊണ്ടുവരേണ്ടതാണ്. 1 മുതൽ 9-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകത്തിലെ 1 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിൽനിന്നും X, XI, XII ക്ലാസുകളിലെ കുട്ടി കൾക്ക് 1 മുതൽ 8 വരെ അദ്ധ്യായങ്ങളിൽനിന്നും ആണ് ചോദ്യങ്ങൾ ഉണ്ടാവുക. ഉത്തരപേപ്പറുകൾ അതാതു ഇടവകയിൽ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

**CJ. 67/17 അർദ്ധവാർഷിക റിപ്പോർട്ട്**

അർദ്ധവാർഷിക റിപ്പോർട്ട് രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി ഒക്ടോബർ 15 ആണ്.

**CJ.68/17 പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും**

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും ഒക്ടോബർ 22 നാണ് നടത്തേണ്ടത്. ആരാധനക്രമ വിശ്വാസപരിശീലനം എന്ന ഗ്രന്ഥത്തിലെ 11-ാം ആദ്ധ്യായമാണ് പഠനവിഷയം.

**CJ. 69/17 സാഹ്യജ്യോതി +2 ഫൊറോന സംഗമം**

12-ാം ക്ലാസിൽ വിശ്വാസ പരിശീലനം നടത്തിക്കൊണ്ടിരി



ക്കുന്ന മുഴുവൻ കുട്ടികളേയും അതാതു ഫൊറോനകളിൽ ഒന്നിച്ചു കൂടി ''സഹ്യജ്യോതി +2 മീറ്റ്'' എന്ന പേരിൽ സംഗമം ഒക്ടോബർ 18-ാം തീയതി ബുധനാഴ്ച എല്ലാ ഫൊറോനകളിലും നടത്തപ്പെടുന്നു. +2 മീറ്റ് വിശ്വാസ പരിശീലന പരിപാടിയുടെ ഭാഗമായതിനാൽ 12-ാം ക്ലാസ് അറ്റൻഡൻസ് രജിസ്റ്ററിന്റെ ഒരു കോപ്പിയുമായി ക്ലാസ് ടീച്ചറും +2 മീറ്റിൽ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് 50 രൂപയാണ്. ഉച്ചഭക്ഷണം കുട്ടികൾക്ക് നല്കുന്നതായിരിക്കും. കുട്ടികൾ നോട്ടു ബുക്ക്, പേന, എന്നിവ കൊണ്ടുവരേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും വരുന്ന കുട്ടികളുടെ എണ്ണം ഫൊറോനാ കേന്ദ്രത്തിൽ നേരത്തെ അറിയിക്കേണ്ടതാണ്. ക്ലാസുകൾ നടത്തുവാനും ഉച്ചഭക്ഷണം കൊടുക്കുവാനുമുള്ള ക്രമീകരണങ്ങൾ ബഹു. ഫൊറോനാ വികാരിയച്ചന്മാരും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരും കൂടിയാലോചിച്ച് ചെയ്യുമല്ലോ.

വെള്ളത്തൂവൽ ഫൊറോനയിൽ +2 സംഗമം ഇല്ല. വെള്ളത്തുവൽ ഫൊറോനയിലെ കല്ലാർകുട്ടി, ചെല്യാംപാറ, കുത്തുപാറ എന്നീ ഇടവകകളിലെ കുട്ടികൾ കൂമ്പൻപാറ ഫൊറോനയിലെ കുട്ടികൾക്കൊപ്പം അടിമാലി ആത്മജ്യോതിയിലും ബാക്കി ഇടവകയിലെ കുട്ടികൾ രാജാക്കാടുമാണ് പങ്കെടുക്കേണ്ടത്. കൂമ്പൻപാറ ഫൊറോനയിലെ സഹ്യജ്യോതി +2 മീറ്റ് അടിമാലി ആത്മജ്യോതിയിലാണ് നടത്തുന്നത്.

**CJ. 70/17 സൺഡേ സ്കൂൾ ടൈംസ്**

മതാദ്ധ്യാപകരുടെ ''സൺഡേ സ്കൂൾ ടൈംസ്'' പത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി ഡിസംബർ 17 നാണ്. പ്രമേയം : ഫാത്തിമ വർഷം (മറിയം-ദൈവത്തിന് മനുഷ്യരോടുള്ള കരുണയുള്ള സ്നേഹത്തിന്റെ പ്രതിരൂപം).

## CORPORATE EDUCATIONAL AGENCY

**Edn. 32/17 ജപമാല ആചരണം**

ഒക്ടോബർ ജപമാല ആചരണത്തിനായി സമർപ്പിച്ചിരിക്കുന്ന മാസമാണല്ലൊ. മുൻപതിവുപോലെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും, കെ.സി.എസ്.എൽ-ന്റേയും നേതൃത്വത്തിൽ ജപമാല ആചരണം എല്ലാ സ്കൂളുകളിലും പൂർവ്വാധികം ഭക്തിനിർഭരമായി നടത്തുമല്ലോ. മുഴുവൻ സ്റ്റാഫിന്റേയും സാന്നിദ്ധ്യം ഈ ആചരണത്തിൽ സജീവമായി ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**Edn. 33/17 Maintenance Grant**

2016-17 ലെ വർഷത്തെ Maintenance Grant- ന്റെ കണക്കും വൗച്ചറുകളും ഈ ഓഫീസിലെ 01-10-2014 ലെ M.G. 01/14-ാം നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം തയ്യാറാക്കി 13-10-2017 നു മുമ്പായി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. Sweeping Charge കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ് (ദിവസേന 200 രൂപ നിരക്കിൽ).

**Edn. 34/17 അനുമോദനങ്ങൾ**

സംസ്ഥാന അദ്ധ്യാപക അവാർഡ് കരസ്ഥമാക്കിയ ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ സി. റോസിന് (സി. റോസമ്മ പീറ്റർ) ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

മികച്ച പച്ചക്കറി തോട്ടമുള്ള സ്ഥാപനങ്ങളിലെ മേധാവിക്കുള്ള സംസ്ഥാന അവാർഡിനർഹനായ, രാജകുമാരി ഹോളി ക്യൂൻസ് യു.പി.എസ്. പ്രഥമാദ്ധ്യാപകൻ ശ്രീ. ലിജു വർഗീസിനും നമ്മുടെ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങളും ആശംസകളും.

സംസ്കൃത ഭാഷാ പ്രചാരണത്തിന് ''ആഗമാനന്ദ സ്വാമി



സ്മാരക സമിതി'' നൽകുന്ന ക്യാഷ് അവാർഡും ഫലകവുമടങ്ങുന്ന ''ആഗമാനന്ദ പുരസ്കാരം'' ലഭിച്ച മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസിലെ സംസ്കൃതാദ്ധ്യാപിക ശ്രീമതി എം.പി. വിജയ ലക്ഷ്മിക്ക് അഭിനന്ദനാശംസകൾ.

മികച്ച പി.റ്റി.എ. ക്കുള്ള ജില്ലാതല അവാർഡിൽ ഒന്നാം സ്ഥാനം ലഭിച്ച രാജകുമാരി ഹോളി ക്യൂൻസ് യു.പി.എസിനും അഭിനന്ദനങ്ങൾ.

കട്ടപ്പന സബ് ജില്ലയിലെ സ്കൂളുകളിലെ 2016-17 ലെ Best P.T.A. ക്കുള്ള അവാർഡ് ലഭിച്ച മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി.എസിനും അഭിനന്ദനാശംസകൾ.

**Edn. 35/17 പി.റ്റി.എ., എം.പി.റ്റി.എ. മീറ്റിംഗ്**

നമ്മുടെ സ്കൂളുകളിലെ പി.റ്റി.എ., എം.പി.റ്റി.എ. പ്രസിഡന്റുമാരുടെ ഒരു യോഗം 2017 ഒക്ടോബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ വാഴത്തോപ്പ് സെന്റ് ജോർജ്സ് എച്ച്.എസ്.എസ്. ഹാളിൽ നടത്തുന്നതാണ്. പ്രസ്തുത യോഗത്തിൽ എല്ലാവരുടേയും സാന്നിദ്ധ്യം പ്രഥമാദ്ധ്യാപകർ ഉറപ്പാക്കുമല്ലൊ.

**Edn. 36/17 അനദ്ധ്യാപക സെമിനാർ**

നമ്മുടെ സ്കൂളുകളിലെ അനദ്ധ്യാപകരുടെ ഏകദിന സെമിനാർ 2017 ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച 10 മണിക്ക് വാഴത്തോപ്പ് സെന്റ് ജോർജ്സ് എച്ച്.എസ്. ഹാളിൽ നടത്തുന്നതാണ്. എല്ലാ അനദ്ധ്യാപകരുടേയും സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്.

## സോഷ്യൽ സർവ്വീസ്

**SS 93/17 ഹരിതാഭം പദ്ധതി രൂപീകരണ യോഗം**

ഇടുക്കി ജില്ലാ സഹകരണ ബാങ്കും, നബാർഡും, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന

ഹരിതാഭം പദ്ധതിയുടെ രൂപീകരണയോഗം ജില്ലാ ബാങ്കിൽ വച്ച് നടന്നു. കഞ്ഞിക്കുഴി, ആൽപ്പാറ, ചേലച്ചുവട്, പൊട്ടൻകാട്, സ്ലീവാമല തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പദ്ധതിരൂപീകരണത്തിൽ നബാർഡിന്റെ ജില്ലാ വികസന മാനേജർ ശ്രീ. അശോക് കുമാർ നായർ, ജില്ലാ ബാങ്ക് പ്രതിനിധികൾ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ എന്നിവർ പങ്കെടുത്തു. കഞ്ഞിക്കുഴി യൂണിറ്റിൽ 2505000 രൂപയും, ആൽപ്പാറ യൂണിറ്റിൽ 1476500 രൂപയും, കരിമ്പൻ യൂണിറ്റിൽ 1620000 രൂപയും ചുരുളി യൂണിറ്റിൽ 1430000 രൂപയും പൊട്ടൻകാട് യൂണിറ്റിൽ 2435000 രൂപയും സ്ലീവാമല യൂണിറ്റിൽ 1140000 രൂപയും ഉൾപ്പെടെ 10606500 രൂപ 312 കുടുംബങ്ങൾക്ക് വിവിധ വരുമാന വർദ്ധന പദ്ധതികൾക്കായി ലോൺ നൽകി.

## SS 94/17 ഹരിത സമൃദ്ധി പദ്ധതി

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി കുടികളിൽ 5000 കുരുമുളക് ചെടികളും, 3000 കാപ്പി തൈകളും വിതരണം ചെയ്തു. കൂടാതെ വിവിധ തരം പച്ചക്കറി കൃഷികൾക്കുള്ള സാമ്പത്തിക സഹായവും നൽകി. പ്രവർത്തനങ്ങൾക്ക് ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോജക്ട് കോഡിനേറ്ററായ ശ്രീ. സിബി മാളിയേക്കൽ, ശ്രീ. ബിനീഷ് കോട്ടൂർ, ശ്രീ. സിജോ സെബാസ്റ്റ്യൻഎന്നിവർ നേതൃത്വം നൽകി.

## SS 95/17 ട്രൈബൽ സ്കൂളിൽ ഓണാഘോഷം

ഗിരിജ്യോതി ട്രൈബൽഎൽ.പി. സ്കൂളിന്റെ ഓണാഘോഷം സെപ്റ്റംബർ1-ാം തീയതി എച്ച്.ഡി.എസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തി. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി വിവിധ മത്സരക്കളികൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. വിഭവസമൃദ്ധമായ സദ്യയും പായസവും ആഘോഷങ്ങളുടെ ഭാഗമായി നൽകി. പരിപാടികൾക്ക് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സ്കൂൾ ടീച്ചേഴ്സ്, എച്ച്.ഡി.എസ്. സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.



## SS 96/17 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ആഗസ്റ്റ് മാസം 2 പേർക്ക് ഭവന നിർമ്മാണത്തിനായി 9000 രൂപയും 6 പേർക്ക് ചികിത്സയ്ക്കായി 11000 രൂപയുംനൽകി.

## SS 97/17 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 1230 കോഴിക്കുഞ്ഞുങ്ങളെ കാഞ്ചിയാർ, ഇരട്ടയാർ, നാരകക്കാനം എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 98/17 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**കീരിത്തോട്**

കീരിത്തോട് യൂണിറ്റിന്റെ വാർഷികം 10-09-2017 ഞായറാഴ്ചഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തി. യോഗം എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. എച്ച്.ഡി.എസ്സിൽ നിന്ന് ലഭ്യമാകുന്ന വിവിധ ലോണുകളെപ്പറ്റി അച്ചൻ വിശദീകരിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റും ആനിമേറ്ററുമായ ശ്രീമതി കുഞ്ഞമ്മ തോമസ് ആശംസ അർപ്പിച്ച് സംസാരിച്ചു. 50 അംഗങ്ങൾ പങ്കെടുത്ത പരിപാടികൾക്ക് യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ലീലാമ്മ കുരുക്കൂർ, സെക്രട്ടറി ശ്രീമതി ലൂസി ചിറ്റേട്ട് എന്നിവർ നേതൃത്വം നൽകി. ഓഫീസിൽ നിന്ന് ബ്രദർ എബിൻ നരിക്കുഴിയും യോഗത്തിൽ സന്നിഹിതനായിരുന്നു.

## SS 99/17 ജനറൽ ബോഡി മീറ്റിംഗ്

എച്ച്.ഡി.എസ്സിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗ് 05-09-2017 ഉച്ചകഴിഞ്ഞ് 2.30 ന് ഇടുക്കി ബിഷപ്സ് ഹൗസിൽ വച്ച് നടന്നു. മോൺ. ജോസ് പ്ലാച്ചിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. 2016-17 സാമ്പത്തിക വർഷത്തെ സൊസൈറ്റിയുടെ കണക്കുകളും റിപ്പോർട്ടും എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ അവതരിപ്പിച്ചു.

വേണ്ടത്ര സംശയ നിവാരണത്തിനും വിശദീകരണത്തിനും ശേഷം റിപ്പോർട്ടും കണക്കും പാസാക്കി. പുതിയ പദ്ധതികളെപ്പറ്റി ചർച്ചകൾ നടന്നു.സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾക്കായി ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ശ്രീ. ബിനോയി മലേപ്പറമ്പിലിനേയും, ജയ്നി ഷാജിയേയും മെമന്റോ നൽകി രക്ഷാധികാരി മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ആദരിച്ചു.

### SS 100/17 ഹരിതനിറവ് പദ്ധതി വിലയിരുത്തൽ

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിതനിറവ് പദ്ധതിയുടെ വിലയിരുത്തൽ യോഗം 02-09-2017 മുരിക്കാശ്ശേരിയിൽ നടന്നു.പുതിയ വായ്പാ അപേക്ഷകർ ഉൾപ്പെടെ നൂറോളം പേർ പങ്കെടുത്തു. 1537000 രൂപ വിവിധ കാർഷിക പദ്ധതികൾക്കായി 18 പേർക്ക് വായ്പ നൽകി.

### SS 101/17 ഹരിതഗ്രാമം പദ്ധതി

ഈ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മാസം 20 പേർക്ക് വിവിധ പദ്ധതികൾക്കായി 8 ലക്ഷം രൂപ വായ്പ നൽകി.

### SS 102/17 സാധുജന ഭവനനിർമ്മാണ പദ്ധതി

'ഈശോയ്ക്ക് ഒരു വീട്' എന്ന പേരിൽ മിഷൻ ലീഗും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി നടത്തിയസാമ്പത്തിക സമാഹരണത്തിന്റെ ഭാഗമായി 21 ലക്ഷം രൂപയോളം സമാഹരിച്ചു. ദളിത് കത്തോലിക്ക വിഭാഗത്തിൽപ്പെട്ട 20 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഇത് നല്കും. ഇതിൽ 10 എണ്ണത്തിന് കെ.സി.ബി.സി. എസ്.സി./എസ്.ടി. കമ്മീഷൻ സഹായം നല്കും. കൂടാതെ 10 വീടുകൾക്ക് റിപ്പയർ ചെയ്യുന്നതിനും സഹായം നല്കും. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയായിരിക്കും നിർമ്മാണം നടക്കുക. ഭവനങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സഹകരിച്ചവർക്കെല്ലാം നന്ദി പറയുന്നു.



## ചെറുപുഷ്പ മിഷൻലീഗ്

### CML 46/17 രൂപതാ കലോത്സവം

സി.എം.എൽ. രൂപതാ കലോത്സവം ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസ്. എസ്സിൽ നടത്തപ്പെടുന്നു. രൂപതാ കലോത്സവത്തിനുള്ള മേഖലയിൽ നിന്നുള്ള ലിസ്റ്റ് എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

### CML 47/17 മിഷൻ ഞായർ

ഒക്ടോബർ 22-ാം തീയതി മിഷൻ ഞായർ എല്ലാ ശാഖകളിലും സമുചിതമായി ആഘോഷിക്കുമല്ലോ. അന്നേദിവസം അസാധാരണ സമ്മേളനവും പൊതുദിവ്യകാരുണ്യ സ്വീകരണവും പ്രേഷിത റാലിയും നടത്തുമല്ലോ.

### CML 48/17 സ്നേഹിതൻ മാസിക

സി.എം.എൽ. - ന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന സ്നേഹിതൻ മാസികയുടെ കോപ്പികൾ ശാഖകളിൽ വാങ്ങിച്ച് വിതരണം ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ കോപ്പികൾക്കും വിശദവിവരങ്ങൾക്കും താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടുക. ഫോൺ: 9656183874.

### CML 49/17 മിഷൻ കലണ്ടർ

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ മിഷൻ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മിഷൻ ഞായറിനോടനുബന്ധിച്ചുള്ള ഭവന സന്ദർശനത്തിനു പോകുമ്പോൾ കലണ്ടർ എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 50/17 മേഖലാ കലോത്സവം

സി.എം.എൽ. മേഖലാ കലോത്സവം വിജയകരമായി നടത്തുന്നതിനുവേണ്ടി സഹകരിച്ച എല്ലാ ബഹുമാനപ്പെട്ട ശാഖാ, മേഖലാ ഡയറക്ടറച്ചന്മാർക്കും സിസ്റ്റേഴ്സിനും മേഖലാ ഭാരവാഹികൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദിയറിയിക്കുന്നു.

# കെ.സി.എസ്.എൽ.

## KCSL 33/17 ജീവിത വിശുദ്ധീകരണ ധ്യാനം

ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം കുട്ടികൾക്കായി തോപ്രാംകുടി അമല ധ്യാനകേന്ദ്രത്തിൽ സെപ്റ്റംബർ 28 മുതൽ 30 വരെ നടന്ന വിശുദ്ധീകരണ ധ്യാനം വിജയകരമാക്കിയ എല്ലാവർക്കും നന്ദി.

## KCSL 34/17 രൂപതാ സാഹിത്യമത്സരം

ഈ വർഷത്തെ രൂപതാ സാഹിത്യമത്സരം ഒക്ടോബർ 2-ാം തീയതി തിങ്കളാഴ്ച്ച 5 റീജിയണുകളിലായി നടത്തുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കും. **ഒരു സ്കൂളിൽനിന്നും ഓരോ ഇനങ്ങളിലും 2 കുട്ടികൾ/2 ടീമിന് പങ്കെടുക്കാം**. സംസ്ഥാന നിർവ്വാഹക സമിതിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ഈ വർഷം **കൈയ്യെഴുത്തു മാസിക - തത്സമയ മത്സരം ഉണ്ടായിരിക്കുന്നതല്ല**. സ്കൂളിൽ മുൻകൂട്ടി തയ്യാറാക്കിയ കൈയ്യെഴുത്തുമാസിക ഒക്ടോബർ 2-ാം തീയതി സാഹിത്യമത്സരം നടക്കുന്ന സെന്ററുകളിൽ എത്തിക്കാവുന്നതാണ്. രൂപതയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന മാസിക സംസ്ഥാന സമിതിയുടെ വിലയിരുത്തലിനായി നൽകുന്നതാണ്. താമസിച്ച് ലഭിക്കുന്നവ മത്സരത്തിന് പരിഗണിക്കുന്നതല്ല (മാർഗ്ഗരേഖ Page No. 22 ലെ നിബന്ധനകൾ പാലിച്ചിരിക്കണം). പങ്കെടുക്കുന്ന കുട്ടികളുടെ പേരുവിവരം - (മാതൃക-മാർഗ്ഗരേഖ Page No. 31) മത്സരം നടക്കുന്ന സെന്ററുകളിൽ നൽകിയാൽ മതിയാവും. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് ഒരു ഇനത്തിന് 10 രൂപ.



## KCSL 35/17 ലോക അദ്ധ്യാപകദിനം

തോപ്രാംകുടി സെന്റ് മരിയാഗൊരേത്തി എൽ.പി. സ്കൂളിൽ ഒക്ടോബർ 5-ാം തീയതി വ്യാഴാഴ്ച ലോക അദ്ധ്യാപകദിനം വിപുലമായി ആഘോഷിക്കും.

## KCSL 36/17 ഫാത്തിമ വർഷാചരണം

കൂമ്പൻപാറ ഫാത്തിമമാതാ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ 2017 ഒക്ടോബർ 6-ാം തീയതി വിപുലമായ രീതിയിൽ ഫാത്തിമമാതാ വർഷാചരണ പരിപാടികൾ നടക്കും. വി. കുർബാന, ജപമാലറാലി, പൊതുസമ്മേളനം, കുട്ടികളുടെ വിവിധ കലാപരിപാടികൾ എന്നിവ ആഘോഷ പരിപാടികളുടെ ഭാഗമായുണ്ടാകും.

## KCSL 37/17 സംസ്ഥാന സാഹിത്യമത്സരം

ഈ വർഷത്തെ സംസ്ഥാന സാഹിത്യമത്സരം ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർസെക്കണ്ടറി സ്കൂളിൽ നടക്കും. രൂപതാ മത്സരങ്ങളിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്ക്/ടീമുകൾക്ക് സംസ്ഥാന സാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കാം. കെ.സി.എസ്.എൽ. ചരിത്ര ക്വിസ്സിന്, ചരിത്ര പുസ്തകം, ശതാബ്ദിവർഷ സ്മരണിക എന്നിവയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് ഒരിനത്തിന് 50 രൂപ.

## KCSL 38/17 'Excelentia -2017'

ഇടുക്കി രൂപതാ കെ.സി.എസ്.എൽ. മെഗാക്വിസ്സ് ഫൈനൽ **'Excelentia -2017'** ഒക്ടോബർ 18 ബുധനാഴ്ച്ച 10.00 am ന് മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ രൂപതാ കലോത്സവത്തോടനുബന്ധിച്ച് നടത്തുന്നു. ആദ്യ മൂന്ന് സ്ഥാനം കരസ്ഥമാക്കുന്ന ടീമുകൾക്ക് യഥാക്രമം 3003, 2002, 1001 രൂപ ക്യാഷ് അവാർഡുകൾ സമ്മാനിക്കും. L.P., U.P., H.S., H.S.S. വിഭാഗ

ങ്ങൾക്ക് പ്രത്യേകം മത്സരങ്ങളും സമ്മാനങ്ങളും ഉണ്ടായിരിക്കും. ഓരോ റീജിയണുകളിലും ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് പ്രത്യേക സമ്മാനങ്ങൾ നൽകുന്നതായിരിക്കും. **L.P. വിഭാഗം മെഗാ ഫൈനൽ 2018 ജനുവരി 26 ന് ആയിരിക്കും നടത്തുക.** സെപ്റ്റംബർ 22, 2. pm ന് മുഴുവൻ കെ.സി.എസ്.എൽ. അംഗങ്ങളും പങ്കെടുത്ത പ്രാഥമിക റൗണ്ട് സ്കൂൾതല മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള സമ്മാനങ്ങൾ മെഗാഫൈനൽ നടക്കുന്ന വേദിയിൽ വിതരണം ചെയ്യുന്നതാണ്. **മെഗാഫൈനൽ, രൂപതാ കലോത്സവത്തോടനുബന്ധിച്ചു നടക്കുന്നതിനാൽ മെഗാക്വിസ്സിന് പങ്കെടുക്കുന്ന കുട്ടികൾ കലോത്സവ മത്സര ഇനങ്ങളിൽ പങ്കെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.**

**പഠന വിഷയങ്ങൾ**

| **U.P., H.S., H.S.S.** | | **മെഗാഫൈനൽ** |
|---|---|---|
| ജീവിതം വിസ്മയം | - | 35% |
| വിവാ ക്രിസ്റ്റോരെ | - | 35% |
| സഭാവിജ്ഞാനീയം | - | 30% |

**L.P. വിഭാഗം**

| | | |
|---|---|---|
| വിവാ ക്രിസ്റ്റോരെ | - | 70% |
| മാർഗ്ഗരേഖ | - | 10% |
| സഭാവിജ്ഞാനീയം | - | 20% |

## KCSL 39/17 രൂപതാ കലോത്സവം

ഈ വർഷത്തെ നമ്മുടെ രൂപതാ കലോത്സവം ഒക്ടോബർ 18-ാം തീയതി ബുധനാഴ്ച സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ നടത്തുന്നു. **ലളിതഗാനം ഒഴികെ ഒരിനത്തിനും ആൺ/പെൺ വേർതിരിവില്ല.** ലളിതഗാനം സെമി ക്ലാസിക്കൽ ആവാം, സ്വരങ്ങൾ പാടില്ല. **ഒരു സ്കൂളിൽ നിന്ന് ഒരിനത്തിന് ഒരു കുട്ടി/ഒരു ടീം മാത്രമേ പങ്കെടുക്കാവൂ.** ഒരു കുട്ടിക്ക് വ്യക്തിഗതമായി 2 ഇനങ്ങളിലും, സംഘാതമായി രണ്ട് ഇനങ്ങളിലും പങ്കെടുക്കാം. മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അട



ങ്ങിയ ഫോമിന്റെ 2 കോപ്പികൾ ഒക്ടോബർ 10 ന് മുമ്പ് രൂപതാ ഓഫീസിൽ ലഭിക്കണം. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് ഒരിനത്തിന് 10 രൂപ. രജിസ്ട്രേഷൻ 9.30 am, ഉദ്ഘാടന സമ്മേളനം 9.45 am, മത്സരങ്ങൾ 10.00 am. **L.P. വിഭാഗം കിഡ്സ് കലോത്സവം 2018 ജനുവരി 26 ന് ആയിരിക്കും.** മത്സരവിഷയങ്ങളും വിശദാംശങ്ങളും മാർഗ്ഗരേഖയിൽ കാണുക (Page No. 24-27).

## KCSL 40/17 സ്റ്റഡിസർക്കിൾ മത്സരം

സ്റ്റഡിസർക്കിൾ മത്സരത്തിന് സംസ്ഥാന സമിതി പുതിയ മാനദണ്ഡങ്ങൾ നൽകിയിരിക്കുന്നു. ഈ മത്സരത്തിന്റെ നാടകീയതയും, കൃത്രിമത്വവും ഒഴിവാക്കുന്നതിനായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്കായി 7 വിഷയങ്ങളും U.P. വിഭാഗത്തിന് 3 വിഷയങ്ങളും മുൻകൂട്ടി നൽകുന്നതായിരിക്കും. **മത്സരത്തിന് അരമണിക്കൂർ മുമ്പ് ഇവയിൽനിന്ന് നറുക്കെടുത്ത് ലഭിക്കുന്ന വിഷയമായിരിക്കണം ഓരോ ടീമും മത്സരത്തിന് ചർച്ചാവിഷയമാക്കേണ്ടത്.** നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ലാപ്ടോപ്പ്, പേപ്പർ കട്ടിംഗ്സ്, etc. ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്. തിരി, തിരിക്കാൽ, ബൈബിൾ എന്നിവ ആവശ്യമെങ്കിൽ പൊതുവായി നൽകുന്നതായിരിക്കും (വിശദാംശങ്ങൾക്ക് മാർഗ്ഗരേഖ പേജ് 35-38).

**പഠനവിഷയങ്ങൾ**

**ഹൈസ്കൂൾ & ഹയർസെക്കണ്ടറി വിഭാഗം**

1. അനന്തമായ സാധ്യതകളും അതിനനുസൃതമായ സാഹചര്യങ്ങളും നൽകിയാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽത്തന്നെ ദൈവഹിതം തിരിച്ചറിഞ്ഞ് നാം ജീവിക്കണം.
2. കുടുംബം ഒരു ദൈവിക പദ്ധതിയും കുടുംബജീവിതം ഒരു ദൈവവിളിയുമാണ്.
3. ജീവിതവിജയം കൈവരിച്ച ഏതൊരാളിലും വിജയിക്കണം എന്ന തീവ്രമായ അഭിലാഷം ഉണ്ടാകണം.
4. ദൈവാലയങ്ങൾ വ്യക്തിജീവിതത്തിൽ പരമപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്.

5. നമ്മുടെ അറിവുകൾക്ക് അപ്പുറത്തുള്ള പ്രേരണകൾ പ്രദാനം ചെയ്യുന്ന വ്യക്തികളെയും സന്ദർഭങ്ങളെയും നേരിടേണ്ടി വരുമ്പോൾ അത് മാതാപിതാക്കളോടും അദ്ധ്യാപകരോടും തുറന്ന് ചർച്ചചെയ്യണം.
6. ജീവിത അനുഭവങ്ങൾ എങ്ങനെയാണെന്നല്ല, അവയെ എങ്ങനെ നേരിട്ടുവെന്നതാണ് നമുക്ക് സുഖദുഃഖങ്ങൾ സമ്മാനിക്കുക.
7. ജീവിതവിജയത്തിന് ദൈവാനുഗ്രഹവും കഠിനാദ്ധ്വാനവും ആത്മാർപ്പണവും അനുപേക്ഷണീയമാണ്.

**U.P. വിഭാഗം**

1. കുടുംബം ഒരു ദൈവിക പദ്ധതിയും കുടുംബജീവിതം ഒരു ദൈവവിളിയുമാണ്.
2. ദൈവാലയങ്ങൾ വ്യക്തിജീവതത്തിൽ പരമപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്.
3. ജീവിതവിജയത്തിന് ദൈവാനുഗ്രഹവും കഠിനാദ്ധ്വാനവും ആത്മാർപ്പണവും അനുപേക്ഷണീയമാണ്.

## ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 11/17 നേതൃത്വ പരിശീലന ക്യാമ്പ്**

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 29, 30 തീയതികളിൽ ഒരു നേതൃത്വ പരിശീലന ക്യാമ്പ് 'നാവിഗേറ്റർ' എന്ന പേരിൽ പാവനാത്മ കോളേജിൽ നടത്തി.

**JY 12/17 മിഷൻ ഔട്ട്റീച്ച്**

സെപ്റ്റംബർ 7, 8 തീയതികളിലായി ടീൻസ് ടീം അംഗങ്ങൾ മറയൂരിലെ കുൽകുലാസ് എന്ന കുടി സന്ദർശിക്കുകയും, ഓണക്കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. ഔട്ട്റീച്ചിന് സി. ഷെറിൻ സി.എം.സി., ടീൻസ് ടീം എൽഡർ ജോയ് തൊണ്ണംമാക്കൽ എന്നിവർ നേതൃത്വം നൽകി.



**JY 13/17 ക്യാമ്പസ് ഔട്ട്റീച്ച്**

ആഗസ്റ്റ് 30-ാം തീയതി പാവനാത്മ കോളേജിലെ ജീസസ് യൂത്ത് പ്രാർത്ഥനാ കൂട്ടായ്മയുടെ നേതൃത്വത്തിൽ സന്തോഷ്ഭവൻ തോപ്രാംകുടിയിലെ കുട്ടികൾക്ക് ഓണക്കോടി വിതരണം ചെയ്തു.

**JY 14/17 ക്യാമ്പസ് ട്രെയിനിങ്**

ഈസ്റ്റ് സബ് റീജിയണിലെ ക്യാമ്പസുകളിൽ ഒന്നാം വർഷ കുട്ടികൾക്കായി നടത്തുന്ന 'ലീഡ്' എന്ന ട്രെയിനിങ് പ്രോഗ്രാം സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 2 വരെ അടിമാലി കാർമ്മൽഗിരി കോളേജിൽ നടത്തപ്പെട്ടു.

## കെ.സി.വൈ.എം.

**KCYM 15/17 അർധവാർഷിക കൗൺസിൽ**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ അർധവാർഷിക കൗൺസിൽ ഒക്ടോബർ 14-ാം തീയതി രാവിലെ 9.30 ന് കരിമ്പൻ സെന്റ് മേരീസ് പള്ളിയിൽ കൂടുന്നതായിരിക്കും. യുവജനങ്ങളെ പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**KCYM 16/17 നന്ദി**

കഴിഞ്ഞ രണ്ടരവർഷക്കാലം ഇടുക്കി രൂപതാ ഡയറക്ടറായി തീഷ്ണതയോടെ കെ.സി.വൈ.എം. നെ നയിച്ച റവ. ഫാ. ഫ്രാൻസിസ് അമ്പലത്തിങ്കലച്ചന് ഇടുക്കി രൂപതാ കെ.സി.വൈ.എം. കുടുംബത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**KCYM 17/17 സ്വാഗതം**

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായ റവ. ഫാ. ജോസഫ് പാറക്കടവിൽ അച്ചന് ഇടുക്കി രൂപതാ കെ.സി.വൈ.എം. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 24/17 വിവാഹ ഒരുക്ക ധ്യാനം**

ഒക്ടോബർ 09 തിങ്കൾ – 11 ബുധൻ
ഒക്ടോബർ 23 തിങ്കൾ – 25 ബുധൻ

സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ:- 9496895111, 8281437554.

ധ്യാനത്തിന്റെ രജിസ്ട്രേഷൻ രാവിലെ 9 മണിക്കും, ക്ലാസുകൾ 10 മണിക്കും ആരംഭിക്കും. എല്ലാവരും സമയം കൃത്യമായി പാലിക്കണം.

## പ്രോ-ലൈഫ് അപ്പോസ്റ്റലേറ്റ്

**PLA 2/17 ഏലിശ്വാ ധ്യാനം**

ഗർഭസ്ഥശിശുക്കളുടെ മാതാപിതാക്കൾക്കായുള്ള 2 ദിവസത്തെ ഏലിശ്വാ ധ്യാനം 2017 ഒക്ടോബർ 27-ാം തീയതി വെള്ളിയാഴ്ച 4.00 pm ന് ആരംഭിച്ച് 29-ാം തീയതി ഞായറാഴ്ച 3.00 pm ന് അവസാനിക്കുന്നു. അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്ന ഏലിശ്വാ ധ്യാനത്തിലേക്ക് ഗർഭസ്ഥ ദമ്പതികളെ പറഞ്ഞയയ്ക്കണേ. പങ്കെടുക്കേണ്ടവർ താഴെ നൽകിയിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫോൺ : സി. മോഡറേറ്റർ : 9496359024
സി. കോ-ഓർഡിനേറ്റർ : 9496895111.

**PLA 3/17 ജോർദ്ദാനിയ**

നമ്മുടെ രൂപതയിലെ കുടുബങ്ങളിൽനിന്നും നാലാമത്തെയോ അതിനു മുകളിലേയ്ക്കോ ജന്മമെടുത്ത ശിശുക്കൾക്ക്



അഭി. പിതാവ് പ്രവേശക കൂദാശകൾ നല്കുന്നു. 2017 ഒക്ടോബർ 21 ശനിയാഴ്ച 3.00 pm ന് മുരിക്കാശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനായി വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിച്ചയയ്ക്കണേ. ഭക്ഷണവും മറ്റിതര സമ്മാനങ്ങളും രൂപതാ കുടുംബം നല്കുന്നതാണ്. താഴെ പറയുന്ന നമ്പറിൽ വിളിച്ച് വിവരങ്ങൾ അന്വേഷിക്കുമല്ലോ.

ഫോൺ : സി. മോഡറേറ്റർ : 9496359024

## നവോമി കുടുംബ കേന്ദ്രം

**NFC 10/17 പ്രാർത്ഥനാ പുസ്തകം**

നവോമി കൂട്ടായ്മയുടെ ഔദ്യോഗിക പ്രാർത്ഥനാ ഉപയോഗത്തിനാവശ്യമായ പുസ്തകങ്ങൾ രൂപതാ ഓഫീസിൽ ലഭ്യമാണ്.

**NFC 11/17 നവോമി ധ്യാനം**

ജീവിതപങ്കാളി നഷ്ടപ്പെട്ട സ്ത്രീകൾക്കുവേണ്ടിയുള്ള ആദ്ധ്യാത്മിക ശുശ്രൂഷയുടെ ഭാഗമായി നടത്തപ്പെടുന്ന നവോമി ധ്യാനം 2017 ഒക്ടോബർ 27 മുതൽ 29 വരെ തീയതികളിലായി അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. വെള്ളിയാഴ്ച 9.00 am മുതൽ ഞായർ 3.00 pm വരെയാണ് ധ്യാനസമയം. ഓരോ ഇടവകയിൽനിന്നും ഒരാളെവീതം പറഞ്ഞയച്ച് സഹകരിക്കണേ.

**NFC 12/17 ന്യൂനപക്ഷവിധവകൾക്കുള്ള ആനുകൂല്യ ബോധവത്ക്കരണ സെമിനാർ**

2017 ഒക്ടോബർ 17 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ തടിയംപാട് ഫാത്തിമാമാതാ ഓഡിറ്റോറിയത്തിൽ ന്യൂനപക്ഷനിയമത്തിനെയും, ക്ഷേമമേഖലകളും, ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ പങ്കുവയ്ക്കുന്ന സെമിനാർ നടത്തപ്പെടുന്നു. നവോമി കൂട്ടായ്മയിൽനിന്നും 2 പേരെ വീതം പറഞ്ഞയച്ച് സഹകരിക്കണേ.

# മാതൃവേദി

**MV 23/17 ബൈബിൾ കൈയെഴുത്ത് മത്സരം**

ബൈബിൾ കൈയെഴുത്ത് മത്സരത്തിന്റെ രജിസ്ട്രേഷൻ ഒക്ടോബർ 2 ന് അവസാനിക്കുന്നു.

**MV 24/17 മോഡറേറ്റേഴ്സ് മീറ്റിംഗ്**

മാതൃവേദി മോഡറേറ്റർമാരുടെ സമ്മേളനം 2017 ഒക്ടോബർ 2-ാം തീയതി ബിഷപ്പ്സ് ഹൗസിൽ കൂടുകയാണ്. എല്ലാ മാതൃവേദി മോഡറേറ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അന്നേ ദിവസം അസൗകര്യമുള്ളവർ പ്രതിനിധികളെ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

# ആത്മജ്യോതിയിലെ പരിപാടികൾ

**ഒക്ടോബർ 2017**

| | | |
|---|---|---|
| 01-06 | : | എഫാത്ത ധ്യാനം |
| 09-11 | : | വിവാഹ ഒരുക്ക ധ്യാനം |
| 13-15 | : | യുവജന ധ്യാനം, അടിമാലി ഇടവക |
| 14-15 | : | തിയോളജി കോഴ്സ് |
| 19-22 | : | ദമ്പതീ ധ്യാനം |
| 23-25 | : | വിവാഹ ഒരുക്ക ധ്യാനം |
| 27-29 | : | നവോമി ധ്യാനം |
| 27-29 | : | ഏലീശ്വാ ധ്യാനം |





# രൂപതാദ്ധ്യക്ഷന്റെ ഡയറി

**സെപ്റ്റംബർ 2017**

02 മഞ്ഞപ്പെട്ടി ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

05 രൂപതാ കേന്ദ്രത്തിൽ നടന്ന ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ വാർഷികയോഗത്തിൽ സംബന്ധിച്ചു.

07 രൂപതാ കേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു

10-15 അടിമാലി ആത്മജ്യോതിയിൽ ബഹു. വൈദീകരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

17 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ബഹു. വൈദീകരുടെ രണ്ടാം ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ ആമുഖ സന്ദേശം നല്കി.

26 അടിമാലി ആത്മജ്യോതിയിൽ നടന്ന ഇടുക്കി രൂപതാ പ്രസ്ബിത്തേരിയത്തിൽ അദ്ധ്യക്ഷത വഹിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

29 തൂക്കുപാലത്ത് സംഘടിപ്പിച്ച Teens Meet ൽ സന്ദേശം നൽകി.

# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**ഒക്ടോബർ 2017**

| | | |
|---|---|---|
| 02 | 02.30 pm | മുരിക്കാശ്ശേരി |
| 14 | 10.30 am | ഹൈറേഞ്ച് ഡെവലപമെന്റ് സൊസൈറ്റി വാർഷികം, രാജമുടി |
| 18 | 10.00 am | Vestition FCC, മുരിക്കാശ്ശേരി |
| 21 | 03.00 pm | ജോർദ്ദാനിയ മാമ്മോദീസാ, മുരിക്കാശ്ശേരി |
| 28 | 10.00 am | ജൂബിലി, ജോസ്ഗിരി |